(സി) തദ്ദേശീയ മൽസ്യത്തൊഴിലാളികൾ മൽസ്യം പിടിച്ച് ഉപയോഗിക്കുന്നുണ്ട്. മോണിറ്ററിംഗ് സംവിധാനം നിലവിൽ ഇല്ല.

(ഡി) പരിഗണിക്കുന്നതാണ്.

16 (2707) ഫിഷറീസ് വകുപ്പിലെ എക്സ്റ്റെൻഷൻ ഓഫീസർമാർ

ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫിഷറീസ് വകുപ്പിൽ എക്സ്റ്റെൻഷൻ ഓഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) സംസ്ഥാനത്തെ വി.എച്ച്.എസ്.എസ്സ് സ്കൂളുകളിൽ ഫിഷറീസ് അദ്ധ്യാപകരുടെ ഒഴിവു നികത്തുവാൻ ഫിഷറീസ് വകുപ്പിലെ യോഗ്യതയുള്ള ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതിന് തീരുമാനമായിട്ടുണ്ടോ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പിൽ എക്സ്റ്റെൻഷൻ ഓഫീസർമാരുടെ ഒരു തസ്തിക ഒഴിവുണ്ട്.

(ബി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു;

(സി) വിദ്യാഭ്യാസ വകുപ്പാണ് ഇതു സംബന്ധിച്ചുള്ള തീരുമാനമെടുക്കേണ്ടത്.

17 (2708) ഐ.ആർ.ഡി.പി. ഗുണഭോക്താക്കൾ

ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1998-99 വർഷത്തിൽ ഐ.ആർ.ഡി.പി. ഗുണഭോക്താക്കളായി എത്ര കുടുംബങ്ങൾ ഉണ്ട്;

(ബി) ഇവരിൽ പട്ടികജാതി/പട്ടികവർഗ്ഗം മറ്റുള്ളവർ എന്നീ ഓരോ വിഭാഗത്തിലും എത്ര വീതം ഉണ്ടെന്ന് അറിയിക്കുമോ;

(സി) ഇവർക്ക് മൊത്തം എന്തു തുക ചെലവാക്കി;

(ഡി) ഇതിൽ കേന്ദ്ര സഹായം എത്രയായിരുന്നു;

(ഇ) ഇതുമൂലം എത്ര കുടുംബങ്ങളെ ദാരിദ്ര്യ രേഖയ്ക്കു മുകളിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly